പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1932 **26-10-2026-ൽ മറുപടിയ്ക്ക്**

ദേവസ്വം ഇടപാടുകൾ ഡിജിറ്റലാക്കാൻ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. ദീപക് ജോയ്

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) തീർത്ഥാടനകാലത്ത് ശബരിമലയിൽ ദേവസ്വം ബോർഡിന്റെ എല്ലാ ഇടപാടുകളും ഡിജിറ്റൽ പേയ്മെന്റ് വഴി മാത്രമാക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: വഴിപാടുകൾ ബുക്ക് ചെയ്യുന്നതിനും പേയ്മെന്റ് നടത്തുന്നതിനുമുള്ള കൗണ്ടർ രസീതുകൾ നൽകുന്നതിനും അക്കോമഡേഷൻ ഓൺലൈൻ/ഓഫ് ലൈൻ ബുക്കിംഗ് എന്നിവയും, ബജറ്റ് അധിഷ്ഠിത സാമ്പത്തിക ഇടപാടുകളും ഡിജിറ്റൽ ആയി നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ആയതിൽ ഓൺലൈൻ പേയ്മെന്റുകളും ഡിജിറ്റൽ പേയ്മെന്റുകളും പരമാവധി പ്രോത്സാഹിപ്പിക്കുന്ന സമീപനമായിരിക്കും സ്വീകരിയ്ക്കുന്നത്.

കൂടാതെ ശബരിമലയിലെ സാമ്പത്തിക ഇടപാടുകൾ പരമാവതി ക്യഷ് ലെസ് സംവിധാനത്തിലൂടെ ഡിജിറ്റലൈസ് ചെയ്ത് സുതാര്യത ഉറപ്പാക്കാനുള്ള നടപടികളും നടന്നുവരുന്നുയെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) കിറ്റ്ഫ്രയുടെ (കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്) സഹായത്തോടെ ദേവസ്വം ബോർഡിലെ മുഴുവൻ ക്ഷേത്രങ്ങളും ഓഫീസുകളും ബന്ധിപ്പിച്ച് നടപ്പാക്കുന്ന ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

മറുപടി: ബഹു. കേരളാ ഹൈക്കോടതിയുടെ നിരീക്ഷണത്തിൽ കിറ്റ്ഫ്രയെ കൺസൾട്ടന്റ് ആക്കി തിരുവിതാംകൂർ ദേവസ്വം ബോർഡ് രൂപീകരിച്ച പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ (PMU) നേതൃത്വത്തിൽ Enterprise Digital Transformation എന്ന പദ്ധതി ഇൻഹൗസ് ആയി തന്നെ ഡെവലപ്പ് ചെയ്യുന്ന നടപടികളാണ് ആരംഭിച്ചിട്ടുള്ളത്. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ മുഴുവൻ ഇടപാടുകളും ഡിജിറ്റൈസ് ചെയ്യുന്നതിന് 24-ഓളം മോഡ്യൂളുകൾ ഉൾപ്പെടുത്തി 2 വർഷം കൊണ്ട് പൂർണമായും പ്രവർത്തനസജ്ജമാകത്തക്ക വിധത്തിൽ Microservice architecture രീതിയിലുള്ള സോഫ്റ്റ്വെയർ ഡെവലപ്മെന്റ് ആണ് പദ്ധതിയിടുന്നത്. ഈ പദ്ധതിയുടെ രൂപകൽപനയുടെയും നടത്തിപ്പിന്റെയും ചുമതല തിരുവിതാംകൂർ ദേവസ്വം ബോർഡിനാണ്.

(സി) ഓഫീസുകളിലെ ഫയൽ നീക്കം, ക്ഷേത്രങ്ങളിലെയും ഓഫീസുകളിലെയും സാമ്പത്തിക ക്രയവിക്രയം, ഭക്തജനങ്ങൾക്കുള്ള വിവിധ സേവനങ്ങൾ തുടങ്ങി എല്ലാ ഇടപാടുകളും ഡിജിറ്റലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: തിരുവിതാംകൂർ ദേവസ്വം ബോർഡ് കിറ്റ്ഫ്രയുടെ കൺസൾട്ടൻസിയിൽ പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഫയൽ നീക്കവും തീരുമാനങ്ങളും പണമിടപാടുകളും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ